പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*295 — 18.2.2013 ൽ മറുപടിയ്ക്ക്

## വികലാംഗർക്കുള്ള പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ.ശിവദാസൻ നായർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വികലാംഗർക്കുള്ള പരാതികൾ പരിഹരിക്കുവാൻ അദാലത്തുകൾ നടത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ അംഗപരിമിതർക്കുള്ള പരാതികൾ പരിഹരിക്കുവാൻ ജില്ലാതല അദാലത്തുകൾ സംസ്ഥാന വികലാംഗ കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. നടപ്പുവർഷം 29.1.2013 ന് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും 1.2.2013 ന് ആലപ്പുഴ ജില്ലയിലും ഇത്തരം അദാലത്തുകൾ സംഘടി പ്പിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ഏതെല്ലാം; | (ബി) അംഗപരിമിതരുടെ ക്ഷേമവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ, സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, കെ.എസ്.ആർ.റ്റി.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അംഗപരിമിതർക്കായുള്ള വിവിധ സംഘടനകൾ തുടങ്ങിയവ ഇതുമായി സഹകരിച്ച് വരുന്നു. |
| (സി)എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് അദാലത്തുകളിൽ കൂടി ഇവർക്ക് ലഭിക്കുന്നത്; വ്യക്തമാക്കുമോ; | (സി)അംഗപരിമിതരുടെ വിവിധ പരാതികൾ സ്വീകരിക്കുകയും വിവിധ വകുപ്പുകൾ മുഖേന അദാലത്തിൽ വച്ചുതന്നെ പരിഹാരം കാണാൻ കഴിയുന്നവ പരിഹരിക്കപ്പെടുകയും പരിഹാരമാകാതെ വരുന്നവയ്ക്ക് തുടർ നടപടികൾ ബന്ധപ്പെട്ട തലത്തിൽ സ്വീകരിച്ച് വരുകയും ചെയ്യുന്നു. |
| (ഡി)എവിടെയൊക്കെയാണ് അദാലത്തുകൾ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം അദാലത്തുകൾ സംഘടിപ്പിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

Elizabeth

സെക്ഷൻ ഓഫീസർ